# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1363

03.12.2015-ൽ മറുപടിക്ക്

## ഭൂമിയുടെ ന്യായവില

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.സി.കൃഷ്ണൻ** | **ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ഭൂമിയുടെ ന്യായവില നിശ്ചയിച്ചത് സംബന്ധിച്ച പരാതികളിൽ തീർപ്പ് കല്പിക്കാനായിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിലെ അപാകതകൾ സംബന്ധിച്ച് റവന്യൂ വകുപ്പിൽ ലഭിച്ച പരാതികളിന്മേലും, സബ് രജിസ്ട്രാർ ഓഫീസർമാർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള അപാകതകളിന്മേലും, വില്ലേജ് ഓഫീസർ തലത്തിൽ അന്വേഷണം നടത്തിയും റവന്യൂ രേഖകളുടെ പരിശോധകളുടെയും, സ്ഥല പരിശോധനകളുടെയും അടിസ്ഥാനത്തിലും ന്യായവില നിശ്ചയിച്ചതു സംബന്ധിച്ച പരാതികൾ ജില്ലാ കളക്ടർമാർ പരിഹരിച്ചുവരുന്നു. |
| ബി) ഇനിയും ന്യായവില നിശ്ചയിക്കാത്ത പ്രദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ നിശ്ചയിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ; | ബി) ഉണ്ട്. സംസ്ഥാനത്ത് 01.04.2010-ൽ ന്യായവില നിലവിൽ വന്നിട്ടുണ്ടെങ്കിലും, ന്യായവില നിശ്ചയിക്കാതെ വിട്ടുപോയിട്ടുള്ള കേസുകളിൽ, അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക്, ആർ.ഡി.ഒ.മാർ നിയമാനുസൃതം സമയബന്ധിതമായി ന്യായവില നിശ്ചയിക്കുന്നുണ്ട്. |
| സി) ന്യായവില നിശ്ചയിക്കുന്നതിന് മുമ്പ് ഭൂമിയുടെ വില കുറച്ച് കാണിച്ച് ആധാരം രജിസ്റ്റർ ചെയ്തവർക്കെതിരെയുള്ള നടപടികൾ തുടരുന്നുണ്ടോ; എങ്കിൽ ഇത്തരം എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; ഏത് വർഷം മുതലുള്ള കേസുകളാണ് നിലനില്ക്കുന്നത്; എത്ര സെന്റ് ഭൂമി മുതൽ രജിസ്റ്റർ | സി) ഭൂമിയുടെ വില കുറച്ച് കാണിച്ച് ആധാരം രജിസ്റ്റർ ചെയ്തവർക്കെതിരെ കേരള മുദ്രപത്ര നിയമം വകുപ്പ് 45B പ്രകാരമാണ് നടപടികൾ സ്വീകരിക്കുന്നത്. ആധാരങ്ങളിൽ വില കുറച്ച് കാണിച്ചതുമായി ബന്ധപ്പെട്ട് 1986 മുതൽ 31.03.2012 വരെ കാലയളവിലുള്ള കുടിശ്ശിക അണ്ടർവാല്യുവേഷൻ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കി സർക്കാരിലേക്ക് ലഭിക്കാനുള്ള റവന്യൂ വരുമാനം സമാഹരിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി |

| | | | |
|---|---|---|---|
| | ചെയ്തവരാണ് ഇതിൽ ഉൾപ്പെടുന്നത്; | | പൊതുതാൽപര്യാർത്ഥം മുദ്രവില / രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവ് നൽകിക്കൊണ്ട് 25.08.2012-ലെ ജി.ഒ.(പി) 151/2012/നിവ നമ്പർ ഉത്തരവ് പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി നിലവിൽ വന്നു. ടി പദ്ധതിയുടെ കാലാവധി 31.03.2014 ൽ അവസാനിച്ചിട്ടുള്ളതാണ്. ന്യായവില നിശ്ചയിക്കുന്നതിനുമുൻപുള്ളതും അതിനു-ശേഷമുള്ളതുമായ 10,59,460 കേസുകളാണ് 2015 ഒക്ടോബർ മാസം വരെ ഭൂമിയുടെ വില കുറച്ചു കാണിച്ചതിന് നടപടിയിലിരിക്കുന്നത്. കുടിശ്ശിക കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.<br>കോമ്പൗണ്ടിംഗ് പദ്ധതി പ്രകാരം പഞ്ചായത്ത് പ്രദേശത്തുള്ള 5 സെന്റ് വരെയുള്ള വസ്തു സംബന്ധിച്ച ആധാരങ്ങളെ നടപടിയിൽനിന്നും ഒഴിവാക്കിയിരുന്നു. കേരള മുദ്രപ്പത്രനിയമം 45B വകുപ്പ് പ്രകാരമുള്ള നടപടിയിൽ വസ്തുവിന്റെ വിസ്തീർണ്ണത്തിന് പ്രസക്തിയില്ല. |
| ഡി) | ആധാരം വിലകുറച്ച് രജിസ്റ്റർ ചെയ്തവർക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഡി) | ആധാരത്തിൽ വില കുറച്ച് കാണിച്ച രജിസ്റ്റർ ചെയ്തതിനെതിരെ കേരള മുദ്രപത്ര നിയമം വകുപ്പ് 45B യിൽ അനുശാസിക്കുന്ന വിധത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ